(ബി) കാണാതാകുന്നവരെ രക്ഷപ്പെടുത്തുന്നതിനുള്ള സ്ഥിരം സംവിധാനമാണ് 'എ' വിഭാഗത്തിനുള്ള മറുപടിയിൽ നല്കിയിരിക്കുന്നത്. കാണാതായവർ തിരിച്ചെത്തുന്നതുവരെ അടുത്ത ബന്ധുക്കൾക്ക് ചെറിയ തോതിലുള്ള അടിയന്തിരാശ്വാസം മത്സ്യബോർഡ് ചെയർമാന്റെ ആശ്വാസനിധിയിൽ നിന്നും അർഹമായ കേസുകളിൽ നല്കുന്നതിനും ഇപ്പോൾ തന്നെ സംവിധാനമുണ്ട്.

(സി) ഇത്തരത്തിലുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും നല്കിയിട്ടുണ്ട്.

വിദ്യാലയങ്ങളിൽ മെഡിക്കൽ കേഡറ്റ് കോർപ്പ്സ് പദ്ധതി

21 (*261) ശ്രീമതി ആർ. ലാദേവി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിൽ മെഡിക്കൽ കേഡറ്റ് കോർപ്പ്സ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു ; വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാഠ്യപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ 25 ഹൈസ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഈ പദ്ധതിക്ക് പ്രത്യേക പാഠ്യപദ്ധതി നിലവിലില്ല. എങ്കിലും ആരോഗ്യ പരിപാലനം, പ്രഥമ ശുശ്രൂഷ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്.

കോളേജുകളിൽ ശനിയാഴ്ച കൂടി അദ്ധ്യയന ദിനമാക്കുന്ന നടപടി

22 (*262) ശ്രീ. എം. മുരളി
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള കോളേജുകളിൽ ശനിയാഴ്ച കൂടി അദ്ധ്യയന ദിവസമാക്കുന്നത് സംബന്ധിച്ച് യു.ജി.സി.യുടെ നിർദ്ദേശം വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഒരു കോളേജ് അദ്ധ്യാപകന് ഒരാഴ്ചയിൽ എത്ര മണിക്കൂർ ക്ലാസ്സ് എടുക്കേണ്ടതുണ്ടായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) യു.ജി.സി. നോംസ് അനുസരിച്ച് ഒരു കോളേജ് അദ്ധ്യാപകൻ ഒരാഴ്ചയിൽ എത്ര മണിക്കൂർ ക്ലാസ് എടുക്കേണ്ടതുണ്ട് ;

(ഡി) അത്രയും മണിക്കൂറുകൾ ഇപ്പോൾ ഓരോ അദ്ധ്യാപകനും അദ്ധ്യാപനത്തിനു വേണ്ടി വിനിയോഗിക്കുന്നുണ്ടോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) 24-12-1998-ലെ എഫ്3-1/94(പി എസ്.) നമ്പരായുള്ള യു.ജി.സിയുടെ കത്തിനോടൊപ്പം അയച്ചുതന്നിട്ടുള്ള വിജ്ഞാപനത്തിലെ 14.00 ഖണ്ഡികയിലെ നിർദ്ദേശപ്രകാരം ഒരു വർഷം 100 അദ്ധ്യയന ദിവസം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അതായത് ആഴ്ചയിൽ 6 ദിവസം വച്ച് ഒരു അദ്ധ്യയന വർഷത്തിൽ 30 ആഴ്ചയോ ആഴ്ചയിൽ 5 ദിവസം വച്ച് 36 ആഴ്ചയോ അദ്ധ്യയന ദിവസം വേണ്ടതാണ്. കൂടാതെ ആഴ്ചയിൽ 40 മണിക്കൂർ പ്രവർത്തി സമയമായും നിശ്ചയിച്ചിട്ടുണ്ട്.

(ബി&സി) പുതിയ യു.ജി.സി നിർദ്ദേശപ്രകാരം ഒരു കോളേജ് അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂർ പഠിപ്പിക്കേണ്ടതാണ്. റീഡർ/പ്രൊഫസർ എന്നീ ഗ്രേഡിലുള്ളവർക്ക് 14 മണിക്കൂർ പഠിപ്പിച്ചാൽ മതി. ഗവേഷണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രൊഫസർമാർക്ക് 2 മണിക്കൂർ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ഡി) പല കോളേജുകളിലും ഈ വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ലായെന്നു കാണുന്നതിനാലാണ് ഇപ്പോൾ കർശന നിർദ്ദേശം കൊടുത്തിട്ടുള്ളത്.

ദേശീയ വിദ്യാഭ്യാസ നയം

23 (*263) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(ബി) സ്കൂൾ വിദ്യാഭ്യാസം 12 വർഷം എന്നുള്ള നയം ഈ സർക്കാർ അംഗീകരിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ 11, 12 എന്നീ ക്ലാസ്സുകളുടെ വിദ്യാഭ്യാസം കൂടി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽകൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പ്ലസ്ടു വിദ്യാഭ്യാസം യൂണിവേഴ്സിറ്റികളിൽ നിന്നും വേർപ്പെടുത്താനുള്ള തീരുമാനം എടുത്തതുകൊണ്ട് തുടർന്നും പ്രീഡിഗ്രിക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ യൂണിവേഴ്സിറ്റികളിൽ തുടരുവാൻ ഉദ്ദേശമുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഏതു വർഷം മുതലാണ് പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly